II. അടിയന്തിര പ്രമേയം

പാലക്കാടു ജില്ലയിലെ വരൾച്ച

മി. സ്പീക്കർ: പാലക്കാട് ജില്ലയിൽ വരൾച്ച ഉണ്ടായതിനെത്തുടർന്ന് ഭൂരിതാശ്വാസത്തിന് ആവശ്യമായ നടപടികളും സ്വീകരിക്കാത്തതുകൊണ്ട് വിളയിറക്കാൻ വേണ്ട വിത്തും വളവും സാമ്പത്തിക സൗകര്യവും ഇല്ലാത്തതുമൂലം ആയിരക്കണക്കിന് ഏക്കർ ഭൂമി കൃഷി ചെയ്യാതെ കിടക്കുകയും, തൻമൂലം അനേകായിരം കാർഷിക തൊഴിലാളികളും പട്ടിണിയിലായതുമൂലവും ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരാവസ്ഥയെപ്പറ്റി ചർച്ച ചെയ്യാൻ ഇന്നത്തെ സഭാ നടപടികളും നിറുത്തിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ. കെ. കൃഷ്ണൻകുട്ടി, സി. വാസുദേവമേനോൻ, കെ. ഇ. ഇസ്മയിൽ, വി. സി. കബീർ, ഇ. പത്മനാഭൻ, ടി. കെ. ആറുമുഖൻ, സി. ടി. കൃഷ്ണൻ, പി. കുമാരൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങളും 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

9.30 a.m.]

റവന്യൂ വകുപ്പ് മന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, പാലക്കാട് ജില്ലയിൽ, പ്രത്യേകിച്ച് ചിറ്റൂർ താലൂക്കിലെ കൊഴിഞ്ഞാമ്പാറ ഫർക്കയിലും, അട്ടപ്പാടി മേഖലയിലും അതിരൂക്ഷമായ വരൾച്ച ഈ വർഷം ആദ്യം മുതൽ അനുഭവപ്പെട്ടു. അതിനെത്തുടർന്ന് ചില നടപടികളും അവിടെ സ്വീകരിച്ചു. ആദ്യം ഏതാനും വില്ലേജുകളും വരൾച്ച ബാധിത പ്രദേശങ്ങളായി പ്രഖ്യാപിച്ചു. എന്നാൽ കൂടുതൽ പ്രദേശങ്ങളിലേക്ക് വരൾച്ച ബാധിച്ചതിനെത്തുടർന്ന് 113 വില്ലേജുകളും വരൾച്ച ബാധിത പ്രദേശങ്ങളായി പ്രഖ്യാപിച്ചിരിക്കുകയാണ്. ഈ പ്രദേശങ്ങളിൽ അടിയന്തിരമായ നടപടികളും സ്വീകരിക്കുവാൻ പാലക്കാട്ടുതന്നെ ചേർന്ന ഒരു കോൺഫറൻസിൽ വച്ച് ഒരു തീരുമാനമെടുത്തു. പാലക്കാട് ജില്ലയിലെ എം. പി. മാരേയും എം. എൽ. എ. മാരേയും ജില്ലാ തലത്തിലുള്ള ഉദ്യോഗസ്ഥൻമാരേയുമെല്ലാം പങ്കെടുപ്പിച്ചുകൊണ്ട് നടത്തിയ കോൺഫറൻസിൽ വച്ചാണ് ആ തീരുമാനമെടുത്തത്. അതിൽ 55 ലക്ഷം രൂപയുടെ ജോലികളാണ് പാലക്കാട് ജില്ലയിൽ അടിയന്തിരമായി ഏർപ്പാട് ചെയ്തത്. ഇതിൽ, കൂടുതലും ശുദ്ധജലം എത്തിക്കുന്നതിനും ബാക്കിയുള്ളത് തൊഴിൽദാന പരിപാടികൾക്കും വേണ്ടിയായിരുന്നു. നമ്മുടെ സംസ്ഥാനത്തിന്റെ പല മേഖലകളിലും ഇതുപോലെ ചെറിയ തോതിൽ വരൾച്ച അനുഭവപ്പെട്ടു. ഞാൻ ആ പ്രശ്നങ്ങളിലേക്കൊന്നും കടക്കുന്നില്ല. പാലക്കാട് ജില്ലയിലെ പ്രശ്നമാണ് ഇവിടെ മുഖ്യമായി ഉന്നയിക്കപ്പെട്ടിട്ടുള്ളത്. കൊഴിഞ്ഞാമ്പാറ ഫർക്കയിൽത്തന്നെ അനേകം കുഴൽ കിണറുകൾ കുഴിക്കുകയുണ്ടായി, ഞാൻ രണ്ടാമത് അവിടെ ചെന്നപ്പോൾ, മുമ്പ് തീർത്തിരുന്ന കുഴൽക്കിണറുകൾക്കാണ് ഈ തുക വിനിയോഗിച്ചിട്ടുള്ളത് എന്നുള്ള പരാതി ഏതാനും എം. എൽ. എ. മാർ ഉന്നയിക്കുകയുണ്ടായി. മുമ്പ് കുഴൽ കിണറുകൾ കുഴിച്ചിരുന്നു എങ്കിലും അത് എനർജൈസ് ചെയ്തിരുന്നില്ല ചില സ്ഥലത്തൊക്കെ ഹാൻറ് പമ്പ് വച്ചിരുന്നു. നാല്പതിനായിരം അൻപതിനായിരം ലിറ്റർ കപ്പാസിറ്റിയുള്ള കുഴൽക്കിണറുകൾ ഉപയോഗിക്കാതെ കിടന്നിരുന്നു, അവിടെയെല്ലാം മോട്ടോർ വച്ച് പൈപ്പ് ലൈൻ ഇട്ട് അത് ഉപയോഗപ്രദമാക്കി എന്നുള്ളതുകൊണ്ട് അത് പുതിയ വർക്ക് തന്നെയാണ്. അങ്ങനെയുള്ള ഏതാണ്ട് 24 കുഴൽക്കിണറുകൾ പ്രവർത്തിപ്പിച്ചു. ഈ കഴിഞ്ഞ ദിവസം ചിറ്റൂരിൽ ചെന്നപ്പോൾ ശ്രീ. കൃഷ്ണൻകുട്ടി

LIBRARY ARCHIVES Kerala Legislative Assembly

എം. എൽ. എ.യും ശ്രീ. വിജയരാഘവൻ എം. പി.യും ഉൾപ്പെടെ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥന്മാരെയും ജില്ലാ കളക്ടർ വിളിച്ചുകൂട്ടി അവിടത്തെ കാര്യങ്ങൾ ചർച്ചചെയ്യുകയുണ്ടായി. അന്ന് അവിടെ വന്ന നീർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വീണ്ടും 20 ലക്ഷം രൂപയുടെകൂടെ ജോലികൾ നടത്താൻ വേണ്ട ഏർപ്പാടുകൾ ചെയ്തു. ഞാൻ ഇന്ന് വിളിച്ചു ചോദിച്ചപ്പോഴും ആ വർക്കുകൾ ഒക്കെ തുടങ്ങിക്കഴിഞ്ഞു എന്നാണറിഞ്ഞത്. അത് പൂർത്തിയാക്കാൻ കുറെ ദിവസങ്ങളെടുക്കും. ചിലയിടത്ത് പൈപ്പ് ലൈൻ എക്സ്റ്റൻഷനാണ്. എന്നാൽ പാലക്കാട് ജില്ലയിലെ 1·13 വില്ലേജുകൾ വരൾച്ച ബാധിത പ്രദേശങ്ങളായി പ്രഖ്യാപിച്ചിരിക്കുന്നു. ഇനി അവിടെ കൃഷി ഇറക്കുന്നതിനെപ്പറ്റി ഈ നോട്ടീസിൽ എഴുതിയിട്ടുണ്ട് കൃഷി ഇറക്കുന്നതിനുള്ള വിത്തും വളവും കൊടുക്കുന്ന കാര്യത്തിൽ തീർച്ചയായും നടപടികൾ സ്വീകരിക്കുന്നതാണ്. ലോറികളിലും ടാങ്കറുകളിലും ശുദ്ധജലം എത്തിക്കുന്നതിന് പത്തുലക്ഷം രൂപ ഇതിനകം ചെലവാക്കിക്കഴിഞ്ഞു. വളരെ ആശ്വാസകരമായ ഒരു വാർത്ത വന്നിട്ടുണ്ട്. ഞാൻ കളക്ടറെ വിളിച്ചു ചോദിച്ചു, മൂന്ന് നാല് ദിവസങ്ങളായി അവിടെ മഴ പെയ്തുകൊണ്ടിരിക്കുന്നു. കൊഴിഞ്ഞാമ്പാറ മേഖലയിൽ മാത്രം കാര്യമായ തോതിൽ മഴ പെയ്തിട്ടില്ല. അട്ടപ്പാടി മേഖലയിൽ മഴ പെയ്തിട്ടുണ്ട്. ഇന്ന് മാതൃഭൂമിയിൽ തന്നെ റിപ്പോർട്ട് വന്നിരിക്കുന്നു. ആ റിപ്പോർട്ട് ഞാൻ ഇവിടെ വായിക്കാൻ ആഗ്രഹിക്കുകയാണ്. ''ആലത്തൂർ 9 സെൻറീമീറ്റർ വടക്കാഞ്ചേരി 8 സെൻറീമീറ്റർ, കൊല്ലങ്കോട്-പട്ടാമ്പി 7 സെൻറീമീറ്റർ..'' ഇങ്ങനെ പറഞ്ഞിരിക്കുന്നു. അട്ടപ്പാടി ഉൾപ്പെട്ട മേഖലയിലും മഴ പെയ്തതായിട്ടാണ് റിപ്പോർട്ട് വന്നിരിക്കുന്നത്. ഇപ്പോഴത്തെ മഴ പെയ്താലും അത് കൃഷിക്കാരെ വളരെ പ്രതികൂലമായി ബാധിക്കും; അവർക്ക് വീണ്ടും കൃഷിയിറക്കാൻ സഹായം നൽകുന്നതിന് അടിയന്തിരമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. കൃഷ്ണൻ കുട്ടി: സർ, പാലക്കാട്ടുണ്ടായ വരൾച്ചക്കെടുതിയും ചെയ്തത് നോക്കുമ്പോഴും ഇവിടെ ഒരു ഭരണം ഇല്ലെന്നാണ് തോന്നുന്നത്. കഴിഞ്ഞ നിയമസഭയിൽ പാലക്കാട്ടുള്ള എല്ലാ എം.എൽ.എ.മാരും ഈ പ്രശ്നം ഉന്നയിച്ചിരുന്നതാണ്. എന്നിട്ട് ഇതുവരെയായിട്ടും എത്ര നഷ്ടം ഉണ്ടായിയെന്ന് ഈ ഗവൺമെൻറിന് കണക്കാക്കാൻ കഴിഞ്ഞിട്ടില്ല. അഗ്രികൾച്ചർ മേഖലയിൽ എത്ര നഷ്ടം വന്നു. മറ്റ് മേഖലകളിൽ എത്ര നഷ്ടം വന്നുയെന്ന് കണക്കാക്കാൻപോലും ഈ ഗവൺമെൻറിന് സാധിച്ചിട്ടില്ല കുറച്ച് ആശ്വാസ നടപടികൾ എടുത്തു; ഇല്ലെന്ന് പറയുന്നില്ല. ഒരാഴ്ചയോ രണ്ടാഴ്ചയോ സൗജന്യ റേഷൻ കൊടുത്തു. കുറച്ച് കൃഷിക്കാർക്ക് സാമ്പത്തിക സഹായം ചെയ്തുകൊടുത്തു. അതിൽ മുഴുവൻ അഴിമതിയാണ് നടന്നത്. അവിടെ നടന്നത് എന്താണെന്ന് വച്ചാൽ കൃഷിക്കാർക്ക് സഹായം കൊടുത്തത് മുഴുവൻ കോൺഗ്രസ്സിൻെറ ഏജൻറുമാർ മുഖാന്തിരമാണ്. അവർ വിചാരിച്ചാൽ കുറച്ച് ആൾക്കാർക്ക് സഹായം കിട്ടും. ഇവിടെ ശ്രീ. കെ. ഇ. ഇസ്മയിൽ തന്നെ കൃഷി നശിക്കാത്ത ആൾക്കാർക്ക് നഷ്ടപരിഹാരം കൊടുത്തു എന്ന് പറഞ്ഞു. അത് മാത്രമല്ല, റവന്യൂ വകുപ്പ് മന്ത്രി അവിടെ വന്ന് തീരുമാനമെടുത്തു എന്ന് പറഞ്ഞു; സർ, എന്ത് തീരുമാനം അവിടെ നടപ്പായി? ആ മിനിട്ട്സ് ഒന്ന് മേശപ്പുറത്ത് വയ്ക്കാമോ; എന്നിട്ട് എന്ത് തീരുമാനം അവിടെ നടപ്പാക്കി എന്ന് പറയാമോ? കഴിഞ്ഞ രണ്ടാംവിള മുഴുവൻ നഷ്ടപ്പെട്ടു. ഇപ്പോൾ വിളയിറക്കേണ്ടതാണ്. ഇപ്പോൾ വിളയിറക്കണമെങ്കിൽ കഴിഞ്ഞ പ്രാവശ്യത്തെ ലോൺ അടയ്ക്കണം. അത് അടയ്ക്കാൻ ആർക്കും സാധിച്ചിട്ടില്ല. അതുകൊണ്ട് സഹകരണ സംഘങ്ങളിൽനിന്നും ആർക്കും ഒരു

LIBRARY ARCHIVES Kerala Legislative Assembly

ലോണും കൊടുക്കുകയില്ല. ഇപ്പോഴും പുതിയ ലോൺ കൊടുക്കുന്നതിന് നിങ്ങൾ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്? കഴിഞ്ഞ ലോൺ റദ്ദുചെയ്തോ, അത് ദീർഘകാല വായ്പയാക്കി കൊടുത്തോ? അതിലൊന്നും ഒരു നടപടിയുമെടുത്തിട്ടില്ല. ഇപ്പോൾ അവർക്ക് ലോൺ കിട്ടാൻ വഴിയില്ല, വിത്ത് കിട്ടാൻ വഴിയില്ല. കൃഷിക്കാർക്ക് ഇപ്പോൾ ഏകദേശം മഴ കിട്ടിയെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. ആ മഴ കിട്ടിയാൽ വിത്ത് വേണ്ടേ? ആ വിത്ത് എവിടെ നിന്നാണ് ലഭിക്കുന്നത്? ഈ ഗവൺമെൻറിന്റെ കൈയിൽ സ്റ്റോക്കുണ്ടോ? വിത്ത് കൃഷിക്കാർക്ക് എത്തിക്കാനുള്ള എന്ത് സംവിധാനം ഉണ്ടാക്കി? ഒന്നും ചെയ്തിട്ടില്ല. അതിനു പുറമേ ഇപ്പോൾ ജപ്തി നടപടികളും തുടർന്നുകൊണ്ടിരിക്കുന്നു. കഴിഞ്ഞതിന്റെ മുമ്പിലത്തെ വരൾച്ചയിൽ, പഴയ ലോൺ മീഡിയം ടേം ലോണാക്കി കൊടുത്തു. അതുകൊണ്ട് സഹകരണ സംഘങ്ങൾ പറയുന്നത് ഇനി അവർക്ക് പ്രൊഫഷ് ലോൺ കൊടുക്കാൻ പറ്റില്ല എന്നാണ്. അങ്ങനെയാണെങ്കിൽ ഈ കൃഷി എങ്ങനെ ഇറക്കും? അതിനുള്ള നടപടികൾ എന്താണ്? അതിനു ഗവൺമെൻറ് ഭാഗത്തുനിന്നും വിശദീകരണം തരണം.

സർ, കവുങ്ങ് നശിച്ചു, കുരുമുളക് നശിച്ചു, തെങ്ങുകൾ മുഴുവൻ നശിച്ചു, കരിമ്പ് പോയി. കടലയില്ല, അവിടെ മറ്റെല്ലാ കൃഷിയും നശിച്ചിരിക്കുകയാണ്. എന്തുമാത്രം കൃഷി നശിച്ചു എന്ന് ഡിപ്പാർട്ടുമെൻറിന് ഒരു കണക്കുണ്ടോ? റവന്യൂ മന്ത്രിക്ക് ഇതിനെക്കുറിച്ച് വല്ലതും അറിയാമോ? നഷ്ടപരിഹാരം ഒന്നും കൊടുക്കുന്നില്ല. തെങ്ങിനും കമുകിനും നെല്ലിനും ഒരേ നഷ്ട പരിഹാരമാണ് നിശ്ചയിച്ചിരിക്കുന്നത്. ഇത് നടത്തിക്കൊണ്ട് പോകാനുള്ള സംവിധാനമുണ്ടോ? അതുകൊണ്ടാണ് ഞാൻ ചർച്ചചെയ്യണമെന്ന് പറയുന്നത്. നഷ്ട പരിഹാരം വല്ലതും കൊടുക്കുന്നെങ്കിൽ അടിയന്തിരമായിട്ട് കൊടുക്കണം. അവിടത്തെ കർഷകത്തൊഴിലാളികളുടെ കുടുംബങ്ങൾ പട്ടിണി കിടക്കുകയാണ്. വരൾച്ച വന്നാൽ നോംസ് പ്രകാരം കർഷകത്തൊഴിലാളികൾക്ക് വേണ്ട സഹായം ചെയ്തു കൊടുക്കണം. ആറുമാസമായിട്ട് ഇതിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. അവർക്ക് പണി കൊടുക്കുന്നതിനുള്ള നടപടി ഇതുവരെ സ്വീകരിച്ചിട്ടില്ല. വേണ്ടതുചെയ്യാൻ കളക്ടർക്ക് അനുവാദം കൊടുത്തിട്ടുണ്ടെന്നായിരിക്കും അദ്ദേഹം മറുപടി പറയാൻ പോകുന്നത്. അവർ മരിച്ചു കഴിഞ്ഞതിനു ശേഷമാണോ സഹായം കൊടുക്കാൻ പോകുന്നത്. ജില്ലാ കളക്ടറും ആർ. ഡി. ഒ.യും ഉൾപ്പെടെ നിർദ്ദേശങ്ങൾ അച്ചിരുന്നു. എംപ്ലോയ്മെൻറ് ജനറേഷൻ പദ്ധതിയിൽ ഒന്നുപോലും നടപ്പാക്കിയിട്ടില്ല. റവന്യൂ വകുപ്പ് മന്ത്രി പറഞ്ഞു, കുറച്ചുകൂടി എക്സ്റ്റൻഷൻ നടത്തണമെന്ന്. ഇതുവരെ ഒരു വർക്കും നടന്നിട്ടില്ല. ഞാൻ കളക്ടറെ ഫോണിൽകൂടി വിളിച്ചു ചോദിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞത് അതിനൊക്കെ അനുവാദം കൊടുത്തു എന്നാണ്. എന്നാൽ ഇതുവരെ ഒരു വർക്കും നടന്നിട്ടില്ല. അതുകൊണ്ട് ഈ കർഷകത്തൊഴിലാളികളുടെ കുടുംബങ്ങൾ പട്ടിണികൊണ്ട് മരിക്കുന്നതിനു മുമ്പ് സഹായനടപടികൾ നിറുത്തിവച്ച് ഈ കാര്യങ്ങൾ ചർച്ചചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

റവന്യൂ വകുപ്പ് മന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, വരൾച്ചയുണ്ടായാൽ ഏറ്റവും മുഖ്യമായിട്ടുള്ള ബുദ്ധിമുണ്ടുണ്ടാകുന്നത് കുടിവെള്ളത്തിനാണ്. കുടിവെള്ളം എത്തിക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കുഴൽ കിണർ വഴിയാണെങ്കിലും പൈപ്പ് ലൈൻ എക്സ്റ്റൻഷൻ വഴിയാണെങ്കിലും വെള്ളമെത്തിക്കാൻ കുറച്ചു സമയമെടുക്കുമെന്നുള്ളതുകൊണ്ട് ആവശ്യമായ മുഴുവൻ സ്ഥലങ്ങളിലും ലോറികളിലും

LIBRARY ARCHIVES Kerala Legislative Assembly

മറ്റു വാഹനങ്ങളിലും വെള്ളം എത്തിക്കുവാൻ നടപടികളും സ്വീകരിച്ചു. ആ കാര്യത്തിൽ ഒരു പരാതിയും ഞാൻ അവിടെ ചെന്നപ്പോഴും അവിടത്തെ എം.എൽ.എ.മാർ ഉൾപ്പെടെ ആരും പറഞ്ഞിട്ടില്ല. അതിനുമാത്രമായിട്ടു തന്നെ ഇതിനകം പത്തുലക്ഷം രൂപ ചെലവായിട്ടുണ്ട്. ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ നേരിടാൻ നടപടി സ്വീകരിക്കണം. 24 കുഴൽകിണറുകൾ പ്രവർത്തനക്ഷമമാക്കി. മുമ്പ് കുഴിച്ചതായിരിക്കാം. ചിറ്റൂർ ഉള്ള ഒരു കുഴൽകിണറിൽ നിന്നുമാത്രം ഇരുപത്തയ്യായിരം ആളുകൾക്ക് വെള്ളം കിട്ടുന്നുണ്ട്. അത് കൃഷ്ണൻകുട്ടിയും സമ്മതിച്ച കാര്യമാണ്. അതിനുശേഷം ഒരു പ്രയോജനവും ഇല്ലെന്ന് പറയുന്നത് ശരിയല്ല. കഴിഞ്ഞ രണ്ടാഴ്ചയ്ക്കുമുമ്പ് ചിറ്റൂർ താലൂക്കിലെ എലിപ്പാറ എന്നു പറയുന്ന സ്ഥലത്തേക്ക് വാട്ടർ സപ്ലൈ സ്കീം എക്സ്റ്റൻഡ് ചെയ്യാൻ തീരുമാനിച്ചു. 6 ലക്ഷം രൂപ മുടക്കി പൈപ്പ് ലൈൻ എക്സ്റ്റൻഡ് ചെയ്താൽ ഇത്ര ആയിരം ആളുകൾക്ക് വെള്ളം കിട്ടുമെന്ന് കണക്കുള്ളതാണ്. അതിനുള്ള നടപടി സ്വീകരിച്ചു. അവിടെയുള്ള പൈപ്പ് മുഴുവൻ സപ്ലൈ ചെയ്തുകഴിഞ്ഞു. അത് ഏതാനും ദിവസങ്ങൾക്കുള്ളിൽ പൂർത്തിയാകും. അന്നത്തെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 20 ലക്ഷം രൂപയ്ക്കുള്ള ജോലികളും അവിടെ ഏർപ്പെടുത്തിയിട്ടുണ്ട്. കൃഷിക്കാർക്ക് സഹായം കൊടുക്കേണ്ടത് കൃഷി ഇറക്കുമ്പോഴാണ്. അതിനാവശ്യമായ നടപടികളും സ്വീകരിച്ചുകഴിഞ്ഞിരിക്കുന്നു. കൃഷി ഡിപ്പാർട്ടുമെന്റുമായിട്ട് ആലോചിച്ചാണ് അതിനാവശ്യമായ നടപടികളും നടത്തിക്കൊണ്ടിരിക്കുന്നത്. ശ്രീ. കൃഷ്ണൻകുട്ടി ചോദിച്ചു, എത്ര കോടി രൂപയുടെ നഷ്ടം ഉണ്ടായി എന്ന്. നഷ്ടം അഗ്രികൾച്ചർ ഡിപ്പാർട്ടുമെന്റ് കണക്കാക്കിയിട്ടുണ്ട്. പാലക്കാട് ജില്ലയിൽ 455 ലക്ഷം രൂപയുടെ കാർഷിക നഷ്ടം ഉണ്ടായിട്ടുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. നഷ്ട പരിഹാരത്തിന് വളരെ വ്യക്തമായ തീരുമാനങ്ങളെടുത്തിട്ടുണ്ട്. റിലീഫ് ഫണ്ടിൽ നിന്നും അതിനുള്ള നഷ്ടപരിഹാരം കൊടുത്തുകൊണ്ടിരിക്കുകയാണ്. നെല്ലിനും തെങ്ങിനുമൊക്കെ നഷ്ട പരിഹാരം കൊടുക്കുന്നത് ഒരേ റേറ്റിലാണെന്ന് പറഞ്ഞത് ശരിയല്ല. അത്തരം നടപടികളും വെള്ളപ്പൊക്ക കാലത്തും എടുത്തിട്ടുണ്ട്. ഇത്തവണയും ആ സഹായങ്ങളും ചെയ്യുന്നതാണ്. അവിടത്തെ റവന്യൂ റിക്കവറി നടപടികളെപ്പറ്റി.....

.....(ബഹളം).....

മഴ പെയ്തതിനുശേഷമേ കൃഷിയിറക്കാൻ കഴിയൂ. അതിനുമുൻപ്, കൃഷിയിറക്കാൻ വേണ്ടി സഹായങ്ങളും ചെയ്തിട്ടില്ലെന്ന് പറയുന്നതിൽ അർത്ഥമില്ല. കൃഷിയിറക്കാൻ സഹായം ചെയ്തിട്ടില്ലെന്നുതന്നെയാണ് ഞാൻ പറഞ്ഞത്. മഴ പെയ്താൽ കൃഷിയിറക്കുന്നതിനാവശ്യമായ വിത്തും മറ്റ് സഹായങ്ങളും നൽകുന്നതാണ്. അതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ശ്രദ്ധയിൽപ്പെട്ട സർവ്വ കാര്യങ്ങൾക്കും നടപടി സ്വീകരിച്ചിട്ടുണ്ട്. ഓരോന്നും വളരെ വ്യക്തമായി പറഞ്ഞിട്ടുള്ളതാണ്. മുൻപ് കുഴിച്ച കുഴൽകിണറിൽനിന്നാണ് വെള്ളം കൊടുത്തത് എന്നതുകൊണ്ട് അത് പഴയ സ്കീമാണെന്ന് പറയുന്നത് ശരിയല്ല. കിണർ കുഴിച്ചതുകൊണ്ട് മാത്രം വെള്ളം കിട്ടുകയില്ല. അതിൽ മോട്ടോർ ഫിറ്റ് ചെയ്യാനും പൈപ്പ് ലൈൻ ഇടാനുമാണ് കൂടുതൽ ചെലവ് വരുന്നത്. 24 കുഴൽകിണറുകൾ വഴി വെള്ളം കൊടുത്തു. ബാക്കി സ്ഥലങ്ങളിലും വെള്ളം എത്തിക്കാനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. വരൾച്ച ബാധിത പ്രദേശങ്ങളിൽ റവന്യൂ റിക്കവറി നടപടികളും നിറുത്തൽ ചെയ്തിട്ടുണ്ട്. കാർഷിക വായ്പകളും മുഴുവൻ റദ്ദു ചെയ്തിട്ടുണ്ട്. വരൾച്ച ഉണ്ടായി എന്നു വിചാരിച്ച് സെയിൽസ്ടാക്സിന്റെ ആർ.ആർ നടപടികളും റദ്ദു

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുകയില്ല. കാർഷികാവശ്യത്തിന് എടുത്തിട്ടുള്ള വായ്പകളുടെ ആർ.ആർ. നടപടികളും നിറുത്തിവച്ചിട്ടുണ്ട്. കൃഷിയിറക്കാനാവശ്യമായ സഹായങ്ങളും ചെയ്യുന്നതാണ്. ഹ്രസ്വകാല വായ്പകളും ദീർഘകാല വായ്പകളാക്കി മാറ്റുന്ന കാര്യം സഹകരണ വകുപ്പുമായി അടിയന്തിരമായി ചർച്ച ചെയ്യും.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ സഭ നിറുത്തിവച്ച് അടിയന്തിര പ്രമേയം ചർച്ച ചെയ്യാനുള്ള അനുമതി നിഷേധിക്കുകയാണ്.

III. ശ്രദ്ധ ക്ഷണിക്കൽ

(1) സാമൂഹ്യ വനവൽക്കരണ പരിപാടി

ശ്രീ. കെ. വി. സുരേന്ദ്രനാഥ്: സർ, പാലോട്, പരുത്തിപ്പള്ളി റേഞ്ചുകളിൽപ്പെടുന്ന ബോണക്കാട് എസ്റ്റേറ്റിനു കിഴക്കുവശമുള്ള ആയിരക്കണക്കിന് ഏക്കർ വിസ്തീർണ്ണമുള്ള പുൽമേടുകളിൽ വലിയ തോതിൽ യൂക്കാലിപ്റ്റസും അക്കേഷ്യയും വച്ചുപിടിപ്പിക്കുന്ന പരിപാടി സോഷ്യൽ ഫോറസ്ട്രി വിഭാഗം നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. 200 ജോലിക്കാർ കഴിഞ്ഞ ഒരു മാസമായി ഈ ജോലിയിൽ അവിടെ ഏർപ്പെട്ടിരിക്കുകയാണ്. രണ്ടുലക്ഷത്തോളം യൂക്കാലിപ്റ്റസിന്റെയും അക്കേഷ്യയുടെയും തൈകളും ഇതിനുവേണ്ടി ഫോറസ്റ്റ് ഡവലപ്പ്മെന്റ് കോർപ്പറേഷനിൽ നിന്ന് വാങ്ങിയിട്ടുണ്ട്. ഇത് നടപ്പിലായിക്കഴിഞ്ഞാൽ അവിടത്തെ വിശാലമായ, പ്രകൃതിദത്തമായ പുൽമേടുകളും മുഴുവൻ നശിച്ചു നാമാവശേഷമായിത്തീരുമെന്നു മാത്രമല്ല ആനയ്ക്കും കാട്ടുപോത്തിനും മറ്റു ചെറുകിട വന്യജന്തുക്കൾക്കുമെല്ലാം മേയാനുള്ള പുല്ലും വെള്ളവും നഷ്ടപ്പെടുത്തുന്ന വളരെ മോശമായ പരിസ്ഥിതി മാറ്റവും അവിടെ ഉണ്ടാകും. ഇങ്ങനെ നമ്മുടെ രാജ്യത്തിന്റെ ഇക്കോളജിക്കൽ ബാലൻസ് ഇല്ലാതാക്കി പ്രകൃതിദത്തമായ പുൽമേടുകളും നഷ്ടപ്പെടുത്തുന്ന വലിയ തോതിലുള്ള പരിപാടിയിലാണ് വനസംരക്ഷണം പ്രധാനപ്പെട്ട ലക്ഷ്യമായി പ്രഖ്യാപിച്ചിരിക്കുന്ന വനം വകുപ്പ് ഏർപ്പെട്ടിരിക്കുന്നത്. ഇത് എന്തിനാണെന്ന് നമുക്കൊക്കെ അറിയാം. ബിർലായ്ക്കും ഗ്വാളിയർ റയോൺസിനും ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഫാക്ടറിക്കും പുനലൂരിലെ പേപ്പർമില്ലിനുമൊക്കെ സർക്കാരിന് സോഫ്റ്റ് വുഡ് സപ്ലൈ ചെയ്യാനുള്ള ബാദ്ധ്യതയുണ്ടെങ്കിൽ അതിനു മാറ്റ് എന്തെങ്കിലും മാർഗ്ഗം നോക്കണം. സർ, കേരളത്തിൽ ബാക്കി ശേഷിപ്പുള്ളവയിൽ 6 ശതമാനം വനമാണ്. സാറ്റലൈറ്റിൽക്കൂടി എടുത്ത ചിത്രം വച്ചിട്ട് നമ്മുടെ എർത്ത് സയൻസ് സ്റ്റഡീസിലെ ശാസ്ത്രജ്ഞൻമാർ തയ്യാറാക്കിയ റിപ്പോർട്ട് പ്രകാരമാണിനിഗമനം. 23 ശതമാനം വനഭൂമി ഉണ്ടെന്നു പറയുന്നത് ശുദ്ധ തോഷ്ക്കാണ്. അങ്ങിങ്ങ് ചില പോക്കറ്റുകളിൽ വെറും 6 ശതമാനം മാത്രമേയുള്ളൂ. ആ പോക്കറ്റുകളിൽത്തന്നെ പ്രകൃതിദത്തമായ "റെയിൻ ഫോറസ്റ്റിന്റെ" രണ്ടു പോക്കറ്റുകളുകെയുള്ളത് സൈലന്റ് വാലിയും തെക്ക് ഈ ഭാഗത്തുള്ള അഗസ്ത്യമല റേഞ്ചുമാണ്. അതും നഷ്ടപ്പെട്ടുകൊണ്ടേ പോകുകയാണ്. അങ്ങനെ ബാക്കിയുള്ള വനം കൂടി നശിപ്പിക്കാനുള്ള ഒരു തീവ്രയത്ന

LIBRARY ARCHIVES Kerala Legislative Assembly